പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2190 **27-10-2026-ൽ മറുപടിയ്ക്ക്**

പോലീസ് സേനയെ നവീകരിക്കാൻ നടപടി

ചോദ്യം ഉന്നയിച്ച അംഗങ്ങൾ **മറുപടി നൽകിയ മന്ത്രി**

ശ്രീ. തോമസ് ഉണ്ണിയാടൻ ശ്രീ. രമേശ് ചെന്നിത്തല
(ആഭ്യന്തര- വിജിലൻസ്, കയർ വകുപ്പ് മന്ത്രി)

(എ) പോലീസ് സേനയെ നവീകരിക്കാൻ സ്വീകരിച്ചു വരുന്ന നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ;

മറുപടി:

പോലീസ് സേനയെ നവീകരിക്കാൻ സ്വീകരിച്ചു വരുന്ന പ്രധാന നടപടികളെ സംബന്ധിച്ച വിവരം ചുവടെ ചേർക്കുന്നു.

പോലീസ് സേനയുടെ പുനഃക്രമീകരണം:

പോലീസ് സ്റ്റേഷനുകളുടെയും വിവിധ പോലീസ് യൂണിറ്റുകളുടെയും പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കുന്നതിനും മേൽനോട്ട സംവിധാനം ശക്തിപ്പെടുത്തുന്നതിനുമായി സേനയുടെ ഘടനയും ചുമതലകളും ആവശ്യാനുസരണം പുനഃക്രമീകരിച്ചുവരുന്നുണ്ട്. ഇതിലൂടെ ഉദ്യോഗസ്ഥരുടെ സേവനം കൂടുതൽ ഫലപ്രദമായി വിനിയോഗിക്കാനും കുറ്റാന്വേഷണത്തിന് കൂടുതൽ ശ്രദ്ധ നൽകാനും സാധിക്കുന്നു.

പോലീസ് സേനയുടെ ആധുനികവൽക്കരണം:

പുതിയ വാഹനങ്ങൾ, ആശയവിനിമയ സംവിധാനങ്ങൾ, ഉപകരണങ്ങൾ തുടങ്ങിയവ ലഭ്യമാക്കി പോലീസ് സേനയുടെ പ്രവർത്തന ശേഷി വർധിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

ഡിജിറ്റൽ പോലീസ് സേവനങ്ങളുടെ വിപുലീകരണം:

പൊതുജനങ്ങൾക്ക് പോലീസ് സ്റ്റേഷനുകളിൽ നേരിട്ട് എത്തേണ്ട സാഹചര്യം കുറയ്ക്കുന്നതിനും സേവനങ്ങൾ വേഗത്തിലും സുതാര്യമായും ലഭ്യമാക്കുന്നതിനുമായി THUNA, COPS, POL-APP തുടങ്ങിയ ഡിജിറ്റൽ സംവിധാനങ്ങൾ ശക്തിപ്പെടുത്തുന്നു. പരാതികൾ ഓൺലൈനായി സമർപ്പിക്കാനും സേവനങ്ങളുടെ സ്ഥിതി അറിയാനും ഇത്തരം സംവിധാനങ്ങളിലൂടെ സാധിക്കുന്നു.

ലഹരിക്കെതിരായ ശക്തമായ നടപടി:

ലഹരി മാഫിയയുടെ പ്രവർത്തനങ്ങൾ തടയുന്നതിനായി വിവിധ വകുപ്പുകളുടെ ഏകോപനത്തോടെ "ഓപ്പറേഷൻ ക്ലീൻ- ദി നാർക്കോ ഹണ്ട്" നടപ്പിലാക്കി വരുന്നു. ഡിജിറ്റൽ നിരീക്ഷണം, രഹസ്യവിവര ശേഖരണം, അന്തർസംസ്ഥാന ഏകോപനം എന്നിവയ്ക്കും പദ്ധതിയിൽ പ്രാധാന്യം നൽകിയിട്ടുണ്ട്.

പോലീസ് പരിശീലനം ശക്തിപ്പെടുത്തൽ:

മാറിവരുന്ന കുറ്റകൃത്യങ്ങളുടെ സ്വഭാവം, സൈബർ കുറ്റകൃത്യങ്ങൾ, ഡിജിറ്റൽ തെളിവുകൾ, ആധുനിക അന്വേഷണ രീതികൾ എന്നിവ കൈകാര്യം ചെയ്യുന്നതിനായി പോലീസ് ഉദ്യോഗസ്ഥർക്ക് ആവശ്യമായ പരിശീലനം നൽകിവരുന്നു.

പുതിയ പദ്ധതികളും ഏകോപിത മേൽനോട്ട സംവിധാനവും:

വിവിധ പോലീസ് പദ്ധതികൾക്ക് പ്രത്യേക നോഡൽ ഓഫീസർമാരെ നിയോഗിച്ച് പദ്ധതികളുടെ ഏകോപനം, നടപ്പാക്കൽ, നിരീക്ഷണം എന്നിവ കൂടുതൽ കാര്യക്ഷമമാക്കുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്.

ഇന്റലിജൻസ് സംവിധാനം ശക്തിപ്പെടുത്തൽ:

2026-27 ലെ സംസ്ഥാന പദ്ധതി പ്രകാരം പോലീസ് സേനയിലെ ഇന്റലിജൻസ് സംവിധാനത്തിന്റെ നവീകരണത്തിനായി 300 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്.

Special Operation Group-ന്റെ വിപുലീകരണം:

2026-27-ലെ സംസ്ഥാന പദ്ധതി പ്രകാരം Special Operation Group-ന്റെ വിപുലീകരണത്തിനായി 47 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്.

സൈബർ ഓപ്പറേഷൻസ് വിങ്ങിന്റെ ആധുനികവത്കരണം:

2026-27-ലെ സംസ്ഥാന പദ്ധതി പ്രകാരം സൈബർ ഓപ്പറേഷൻസ് വിങ്ങിന്റെ ജില്ലകളിലെ പ്രവർത്തനങ്ങളുടെ ശാക്തീകരണത്തിനായി 152 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്.

Anti-Terrorism Squad (ATS)-ന്റെ ശക്തിപ്പെടുത്തൽ:

2026-27-ലെ സംസ്ഥാന പദ്ധതി പ്രകാരം 110 ലക്ഷം രൂപ ചെലവിൽ പോലീസ് സേനയിലെ ATS-ന്റെ പ്രവർത്തനശേഷി വർധിപ്പിക്കുന്നതിനായി സുരക്ഷാ ഉപകരണങ്ങൾ വാങ്ങിയിട്ടുണ്ട്.

ഡ്രോൺ/ആന്റി-ഡ്രോൺ സംവിധാനങ്ങളുടെ വാങ്ങൽ:

MoPF 2025-26 പദ്ധതിയുടെ ഭാഗമായി 2.25 കോടി രൂപ ചിലവിൽ രണ്ട് ആന്റി-ഡ്രോൺ സംവിധാനങ്ങൾ വാങ്ങുന്നതിനുള്ള നടപടികൾ പൂർത്തീകരണത്തിന്റെ അന്തിമഘട്ടത്തിലാണ്. MoPF 2026-27 പദ്ധതിയുടെ ഭാഗമായി 14.94 കോടി രൂപ ചെലവിൽ വിവിധ വിഭാഗങ്ങളിലുള്ള 80 ഡ്രോൺ സംവിധാനങ്ങൾ വാങ്ങുന്നതിനുള്ള സപ്ലൈ ഓർഡർ നൽകിയിട്ടുണ്ട്.

ബോഡി-വോൺ ക്യാമറകളുടെ വാങ്ങൽ:

MoPF 2025-26 പദ്ധതിയുടെ ഭാഗമായി 270 ലക്ഷം രൂപ ചെലവിൽ കേരള പോലീസിനായി 831 ബോഡി-വോൺ ക്യാമറകൾ വാങ്ങിയിട്ടുണ്ട്.

ഫോറൻസിക് വിഭാഗം:-

MoPF 2026-27 പദ്ധതിയുടെ ഭാഗമായി സൈബർ ഫോറൻസിക് വിഭാഗം ശക്തിപ്പെടുത്തുന്നതിനായി 6.93 കോടി രൂപയുടെ പ്രവർത്തനങ്ങൾ പുരോഗമിച്ചു കൊണ്ടിരിക്കുന്നു.

പോലീസ് ടെലികമ്മ്യൂണിക്കേഷൻ:

2025-26 സാമ്പത്തിക വർഷത്തെ MoPF പദ്ധതിയിൽ ഉൾപ്പെടുത്തി 18.59 കോടി രൂപ ചെലവിൽ അഞ്ച് പോലീസ് ജില്ലകളിൽ ഡിജിറ്റൽ മൊബൈൽ റേഡിയോ (DMR) സംവിധാനം നടപ്പിലാക്കുന്നതിനുള്ള നടപടികൾ അന്തിമഘട്ടത്തിലാണ്. 2026-27 സാമ്പത്തിക വർഷത്തെ MoPF പദ്ധതിയിൽ ഉൾപ്പെടുത്തി 59.79 കോടി രൂപ ചെലവിൽ മറ്റ് 10 പോലീസ് ജില്ലകളിൽ കൂടി DMR സംവിധാനം നടപ്പിലാക്കുന്നതിനുള്ള നടപടി പുരോഗമിച്ചു വരുന്നു.

ICJS പദ്ധതി:

പോലീസ്, പ്രോസിക്യൂഷൻ, ജയിൽ, കോടതി എന്നീ വകുപ്പുകളെ ഏകോപിപ്പിക്കുന്ന കേന്ദ്ര മന്ത്രാലയത്തിന്റെ Inter-Operable Criminal Justice System (ICJS) പദ്ധതിയുടെ ഭാഗമായി 5.5 കോടി രൂപ ചെലവിൽ 21 SD-WAN ഉപകരണങ്ങൾ, 597 നെറ്റ്‌വർക്ക് സ്വിച്ചുകൾ, 78 Wi-Fi ഡോംഗിളുകൾ, 12 LED ടെലിവിഷനുകൾ എന്നിവ വാങ്ങിയിട്ടുണ്ട്.

(ബി) പോലീസ് സേനയിലെ അംഗങ്ങളുടെ കുറവ് പരിഹരിക്കാൻ അടിയന്തര നടപടികൾ സ്വീകരിക്കുമോ; വിശദാംശം ലഭ്യമാക്കുമോ;

മറുപടി: സംസ്ഥാന പോലീസ് മേധാവി നൽകിയ ശിപാർശ സർക്കാർ തലത്തിൽ പരിശോധിച്ചു വരുന്നു.

(സി) ഇന്ത്യയിലെ ഏറ്റവും മാതൃകാ പോലീസ് സേനയായി കേരളാ പോലീസിനെ മാറ്റാൻ ജന സൗഹൃദ പോലീസ് നയം നടപ്പാക്കാൻ നടപടികൾ ഉണ്ടാകുമോ; എങ്കിൽ വിശദാംശം ലഭ്യമാക്കാമോ?

മറുപടി: ഉണ്ട്. കേരള പോലീസിനെ രാജ്യത്തെ ഏറ്റവും മികച്ച മാതൃകാ സേനയാക്കി മാറ്റുന്നതിനും ജനസൗഹൃദ പോലീസ് നയം ഫലപ്രദമായി നടപ്പിലാക്കുന്നതിനുമായി 'മൈ പോലീസ് സ്റ്റേഷൻ' പദ്ധതിയിലൂടെ സമഗ്രമായ നടപടികളാണ് സ്വീകരിച്ചു വരുന്നത്. പോലീസ് സ്റ്റേഷനുകളെ കേവലം ക്രമസമാധാന പാലന കേന്ദ്രങ്ങൾ എന്നതിനപ്പുറം സുതാര്യവും പൗരകേന്ദ്രീകൃതവുമായ സേവന കേന്ദ്രങ്ങളാക്കി പരിവർത്തനം ചെയ്യുകയാണ് ഈ പദ്ധതിയുടെ ലക്ഷ്യം. ഇതിന്റെ ഭാഗമായി സ്റ്റേഷനുകളിൽ ആധുനിക ഫ്രണ്ട് ഓഫീസ് സംവിധാനം, വനിതകൾക്കും, കുട്ടികൾക്കും മുതിർന്ന പൗരൻമാർക്കും പ്രത്യേക സൗകര്യങ്ങൾ, സന്ദർശകർക്കായി മെച്ചപ്പെട്ട വിശ്രമമുറികൾ എന്നിവ സജ്ജീകരിച്ചും, പരാതികൾ സ്വീകരിക്കുന്നതിലും പരിഹരിക്കുന്നതിലും കൂടുതൽ സുതാര്യതയും സമയബന്ധിതവും ഉറപ്പാക്കിയും വരുന്നു. കൂടാതെ, പോലീസുകാരുടെ പെരുമാറ്റത്തിൽ ഗുണപരമായ മാറ്റം വരുത്താൻ പ്രത്യേക പരിശീലനം നൽകുന്നതിനൊപ്പം, സി.സി.ടി.വി (CCTV) നിരീക്ഷണം, iCoPS, തുണ, പോൽ-ആപ്പ് (Pol-App) തുടങ്ങിയ ഓൺലൈൻ സേവനങ്ങൾ സ്റ്റേഷൻ തലത്തിൽ ഏകോപിപ്പിച്ച് പൊതുജനങ്ങൾക്ക് അന്തസ്സോടെയും ഭയരഹിതമായും ലഭ്യമാക്കുന്ന മാതൃകാപരമായ പ്രവർത്തന അന്തരീക്ഷമാണ് ഈ പദ്ധതിയിലൂടെ നടപ്പിലാക്കി വരുന്നത്.

പഠനം പാതിവഴിയിൽ ഉപേക്ഷിക്കപ്പെടുകയോ പരീക്ഷയിൽ പരാജയം സംഭവിക്കുകയോ ചെയ്ത 18 വയസ്സിന് താഴെയുള്ള കുട്ടികളുടെ ഔപചാരിക വിദ്യാഭ്യാസം പുനരാരംഭിക്കുന്നതിനും അവരെ പൊതു പരീക്ഷകളിൽ വിജയിക്കാൻ പ്രാപ്തരാക്കുവാനും ആരംഭിച്ച പദ്ധതിയാണ് "പ്രോജക്ട് ഹോപ്പ്". ഹോപ്പ് പദ്ധതിയിലൂടെ 2017 മുതൽ 2024 വരെ 4364 കുട്ടികളെ പഠന വഴിയിലേക്ക് കൊണ്ടുവന്ന് വിജയിപ്പിച്ചെടുക്കുവാൻ പോലീസിന് സാധിച്ചിട്ടുണ്ട്. ഈ പദ്ധതിയുടെ ഭാഗമായി 2025-2026 വർഷം 1866 വിദ്യാർത്ഥികൾ രജിസ്റ്റർ ചെയ്ത് പഠനം നടത്തിവരുന്നുണ്ട്.

കുട്ടികളിൽ വർദ്ധിച്ചുവരുന്ന ആത്മഹത്യാ പ്രവണത ഫലപ്രദമായി ചെറുക്കുന്നതിനും അവർ നേരിടുന്ന വെല്ലുവിളികൾ കണ്ടെത്തി അവ പരിഹരിക്കുന്നതിനും ആയി ആരംഭിച്ച പദ്ധതിയാണ് "ചിരി ഹെൽപ്പ് ലൈൻ" . ഇവയിൽ കുട്ടികളുടെ മാനസിക പിരിമുറുക്ക സംബന്ധമായി 4669 കോളുകളും മൊബൈൽഫോൺ ആസക്തിയുമായി ബന്ധപ്പെട്ട 6756 കോളുകളും പഠനവൈകല്യവുമായി ബന്ധപ്പെട്ട വിഷയങ്ങളിൽ 3919 കോളുകളും കുടുംബ പ്രശ്നങ്ങളുമായി ബന്ധപ്പെട്ട് 1133 കോളുകളും ചിരി ഹെൽപ്പ് ലൈനിലൂടെ പരിഹരിച്ചിട്ടുണ്ട്.

കുട്ടികളിലെ മൊബൈൽ, ഇന്റർനെറ്റ് അമിത ഉപയോഗം കാരണം ഉണ്ടാകുന്ന Attention Deficit Hyper Activity Disorder (ADHD) ഉത്കണ്ഠ, വിഷാദരോഗം, പരിമിതമായ സാമൂഹിക ബന്ധം, ന്യൂറോബയോളജിക്കൽ പ്രശ്നങ്ങൾ എന്നിവ തിരിച്ചറിഞ്ഞ് വിദഗ്ധ പരിശീലനം സിദ്ധിച്ച സൈക്കോളജിസ്റ്റ്, പ്രോജക്ട് കോഡിനേറ്റർ എന്നിവരുടെ സഹായത്തോടെ പരിഹാരമാർഗ്ഗം കണ്ടെത്തുന്നതിന് കേരളത്തിലെ 14 പോലീസ് ജില്ലകളിലായി ഡിജിറ്റൽ ഡീ- അഡിക്ഷൻ സെന്ററുകൾ ആരംഭിച്ചിട്ടുണ്ട്.

സ്ത്രീസമൂഹം നേരിടുന്ന വൈവാഹിക-വൈവാഹികേതര ഗാർഹിക പ്രശ്നങ്ങൾ കൗൺസിലിംഗിലൂടെ പരിഹരിക്കുന്നതിനായി സംസ്ഥാനത്തെ 20 പോലീസ് ജില്ലകളിലും സബ് ഡിവിഷനുകൾ

കേന്ദ്രീകരിച്ച് പ്രവർത്തിക്കുന്നതിനായി വനിതാ സെല്ലിന് കീഴിലെ ഗാർഹിക പ്രശ്നപരിഹാര കേന്ദ്രങ്ങളിൽ 85 കൗൺസിലർമാരെ നിയമിച്ച് പ്രശ്നപരിഹാര നടപടികൾ സ്വീകരിച്ചു വരുന്നു.

വിദ്യാർത്ഥികളിൽ ദേശസ്നേഹം, പൗരബോധം, സാമൂഹ്യ പ്രതിബദ്ധത എന്നിവ വളർത്തിയെടുക്കുവാൻ 2010 ഓഗസ്റ്റ് 2 ന് ആരംഭിച്ച സ്റ്റുഡന്റ് പോലീസ് കേഡറ്റ് പദ്ധതി 16 വർഷം പൂർത്തിയാക്കിയിട്ടുള്ളതും 2026-2027 വർഷം 1200 സ്കൂളുകളിൽ നടപ്പിലാക്കി വരുന്നതുമുണ്ട്. സ്കൂൾ പരിസരങ്ങളിൽ കുട്ടികളുടെ സുരക്ഷിതത്വം ഉറപ്പുവരുത്തുന്നതിനും ജുവനൈൽ കുറ്റകൃത്യങ്ങൾ തടയുന്നതിനും നിയമവിരുദ്ധ പ്രവർത്തനങ്ങളിൽ നിന്ന് കുട്ടികളെ സംരക്ഷിക്കുന്നതിനുമായി സംസ്ഥാനത്തെ 9276 സ്കൂളുകളിൽ സ്കൂൾ പ്രൊട്ടക്ഷൻ ഗ്രൂപ്പുകൾ ആരംഭിച്ച് അവയുടെ പ്രവർത്തനങ്ങൾ വിപുലമായി നടത്തിവരുന്നു.

ആദിവാസി ദുർബല വിഭാഗങ്ങളുടെ ശാക്തീകരണത്തിനും ഗോത്രവിഭാഗങ്ങളുടെ സംരക്ഷണത്തിനും അവരെ സമൂഹത്തിന്റെ മുഖ്യധാരയിലേക്ക് ഉയർത്തുന്നതിനും ആരംഭിച്ചിട്ടുള്ള 'ടൈബൽ ജനമൈത്രി സുരക്ഷാ പദ്ധതി' കേരളത്തിലെ ആദിവാസി ഗോത്രവിഭാഗങ്ങൾ കൂടുതലായി അധിവസിക്കുന്ന 79 ടൈബൽ പോലീസ് സ്റ്റേഷൻ പരിധിയിൽ വിജയകരമായി നടത്തിവരുന്നു. 2025-2026 വർഷം ഈ പദ്ധതിയുടെ ഭാഗമായി ആദിവാസി ഗോത്ര വിഭാഗങ്ങൾ അധിവസിക്കുന്ന സ്ഥലങ്ങളിൽ നിന്നും തിരഞ്ഞെടുക്കപ്പെട്ട യുവതി യുവാക്കൾക്ക് ഡ്രൈവിംഗ് പരിശീലനം നൽകുന്നതിനും വിവിധ സേവനങ്ങൾ ലഭ്യമാക്കുവാനായി ക്യാമ്പുകൾ സർക്കാർ നടത്തിയിട്ടുണ്ട്.

മുതിർന്ന പൗരന്മാരുടെ ക്ഷേമ പ്രവർത്തനങ്ങൾക്കായി ആരംഭിച്ച പ്രശാന്തി ഹെൽപ്പ് ഡെസ്കിന്റെ പ്രവർത്തനങ്ങൾ ജില്ലാതലങ്ങളിൽ വ്യാപിപ്പിച്ചിട്ടുള്ളതും അവരെ അധിവസിപ്പിച്ചിട്ടുള്ള ആതുരാലയങ്ങൾ കേന്ദ്രീകരിച്ച് Pain & Palliative Care പ്രവർത്തനങ്ങൾ നടത്തുന്നതും മാനസിക ഉല്ലാസത്തിനായി വിനോദയാത്രകൾ സംഘടിപ്പിക്കുന്നതിനുമുള്ള പ്രവർത്തനങ്ങൾ നടത്തിവരുന്നുണ്ട്.

ഗാർഹിക പീഡനത്തിൽ നിന്നും സ്ത്രീകളെ സുരക്ഷിതരാക്കാൻ ലക്ഷ്യമിട്ട് എല്ലാ പോലീസ് സ്റ്റേഷനുകളിലും വുമൺ സേഫ്റ്റി ഡിവിഷൻ ആരംഭിച്ചിട്ടുള്ളതും സബ് ഇൻസ്പെക്ടർ റാങ്കിലുള്ള ഒരു ഉദ്യോഗസ്ഥനെ വുമൺ സേഫ്റ്റി എസ്.ഐ-യായും വനിതാ ഉദ്യോഗസ്ഥരെ വുമൺ സേഫ്റ്റി ഓഫീസറായും നിയോഗിച്ചിട്ടുണ്ട്.

സ്ത്രീകൾ രാത്രി യാത്രയ്ക്കിടയിൽ ഏതെങ്കിലും വിധത്തിലുള്ള സുരക്ഷ വെല്ലുവിളികൾ നേരിടുന്ന സാഹചര്യത്തിൽ എത്രയും വേഗം പോലീസിംഗ് സേവനങ്ങൾ വഴി സുരക്ഷ ഉറപ്പാക്കുന്നതിനായി വിഭാവനം ചെയ്ത് നടത്തി വരുന്ന പദ്ധതിയാണ് "നിർഭയ നിശ". സമൂഹത്തിന്റെ മുഖ്യധാരയിൽ പ്രവർത്തിക്കുന്ന സ്ത്രീ സമൂഹത്തിന് പൊതുഗതാഗത സംവിധാനങ്ങളിൽ രാത്രികാലങ്ങളിൽ ഉണ്ടായേക്കാവുന്ന പ്രയാസങ്ങളും വെല്ലുവിളികളും തരണം ചെയ്ത് പോലീസ് സേവനങ്ങൾ എത്രയും വേഗം നൽകി സ്ത്രീകളുടെ ആത്മവിശ്വാസവും പ്രവർത്തന സ്വാതന്ത്ര്യവും വളർത്തിയെടുക്കുകയുമെന്നതാണ് പദ്ധതിയുടെ ലക്ഷ്യം.

സെക്ഷൻ ഓഫീസർ